LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. കൊല്ലം- ചെങ്ങന്നൂർ ചെയിൻ സർവ്വീസ്

340 (2215) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. കൊല്ലം-ചെങ്ങന്നൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനാവശ്യമായ ബസ്സുകളും ജീവനക്കാരെയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത സർവ്വീസ് എന്നാരംഭിക്കുമെന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ കൊല്ലം-ചെങ്ങന്നൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ബസ് ചാർജ് വർദ്ധനവ്

341 (2216) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിവിധ വർദ്ധനവുകളിലായി വ്യത്യസ്ത സർവ്വീസുകളുടെ മിനിമം ചാർജിൽ എത്ര ശതമാനം വർദ്ധനവുണ്ടായി ;

(സി) ബസ് ചാർജ് പരിഷ്കരിക്കാൻ NATPAC-ന്റെ പഠന റിപ്പോർട്ട് ഇപ്പോൾ ആശ്രയിക്കുന്നുണ്ടോ ;

(ഡി) പല തവണകളിലായി ഡീസലിന് ഉണ്ടായ വിലക്കുറവിനെ തുടർന്ന് ബസ് ചാർജ്ജുകളിൽ കുറവ് വരുത്താത്തതിന്റെ കാരണം വിശദമാക്കാമോ ?